# കേരള സർക്കാർ

## ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

നം.കെ.എസ്.എ–ഇ.കെ.എം(പി12)276/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം ,
എറണാകളം ജില്ല
സിവിൽ സ്റ്റേഷൻ,കാക്കനാട്
പിൻ - 682030
ഫോൺ : 0484 -422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :11.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

************************************

1894 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1896ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1894 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1896ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1897 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ഇ.കെ.എം(പി12 ) 276/2020. തീയതി:11.03.2020

## എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1894 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1894 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1896ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-01-2019 മുതൽ 31-12-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2020മുതൽ 02.03.2020വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ.,<br>ഓഡിറ്റ് ഓഫീസർ (HG) |
| | ശ്രീ.എം.എസ്.ഗോപകുമാർ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കവിത.എസ്.കണ്ണൻ,<br>സീനി. ഗ്രേ.ഓഡിറ്റർ |
| | ശ്രീമതി.ബെറ്റ്സി.സി.എക്സ്., |

| | ഓഡിറ്റർ |
|---|---|

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ടി. ജി. അനൂപ് | 1/04/2018മുതൽ 31/3/2019വരെ |
| സെക്രട്ടറി | ശ്രീമതി.വിജയം എൻ. ആർ. | 1/04/2018മുതൽ 12/11/2018വരെ |
| സെക്രട്ടറി ഇൻ-ചാർജ്ജ് | ശ്രീമതി.വിജയമാലിനി പി.ആർ. അസിസ്റ്റന്റ് സെക്രട്ടറി | 13/11/2018മുതൽ 01/12/2018വരെ |
| സെക്രട്ടറി | ശ്രീമതി.വിജയം എൻ. ആർ. | 01/12/2018മുതൽ 27/03/2019വരെ |
| സെക്രട്ടറി ഇൻ-ചാർജ്ജ് | ശ്രീമതി.വിജയമാലിനി പി.ആർ. അസിസ്റ്റന്റ് സെക്രട്ടറി | 27/03/2019 മുതൽ 31/03/2019വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ലിജി ടി. എൻ | 1/04/2018 മുതൽ 31/3/2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.വിജയമാലിനി പി.ആർ | 1/04/2018 മുതൽ 31/3/2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ശ്രീകുമാർ എം. എസ് | 1/04/2018 മുതൽ 31/3/2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആതിര പി. സി | 1/04/2018 മുതൽ 31/3/2019 വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ മഞ്ജു കെ. എസ് | 1/04/2018 മുതൽ 31/3/2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രാഖി | 1/04/2018 മുതൽ 31/3/2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബിന്ദു സേവ്യർ | 1/04/2018 മുതൽ 31/3/2019 വരെ |
| വി.ഇ.ഒ (ചേന്ദമംഗലം) | ശ്രീമതി.വിജയ എം.വി. | 1/04/2018 മുതൽ 31/3/2019 വരെ |
| വി.ഇ.ഒ (വടക്കുംപുറം ) | ശ്രീമതി.സീമ ടി.ആർ. | 1/04/2018 മുതൽ 31/3/2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അംബിക എ. എസ്. | 1/04/2018 മുതൽ 31/05/2018വരെ |
| | ശ്രീമതി.സിനി. സി.ജെ . | 1/06/2018 മുതൽ 30/09/2018വരെ |
| | ശ്രീമതി.അംബിക വി. കെ | 1/10/2018 മുതൽ 31/3/2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. ഷൈജ | 1/04/2018 മുതൽ 31/3/2019 വരെ |
| ഹെഡ്മിസ്ട്രസ് , ഗവ.എൽ.പി. സ്കൂൾ | ശ്രീമതി.ജയലക്ഷ്മി | 1/04/2018 മുതൽ 15/05/2018 വരെ |

| | | |
|---|---|---|
| | ശ്രീമതി.വോൾഗ പി.ജെ | 16/05/2018 മുതൽ 31/05/2018 വരെ |
| | ശ്രീമതി.നെസ്സി ആന്റണി കെ. | 1/06/2018 മുതൽ 25/06/2018 വരെ |
| | ശ്രീമതി.നെജീരാ ഹസ്സാൻ | 26/06/2018മുതൽ 22/02/2019 വരെ |
| | ശ്രീമതി.രാധിക നായർ | 23/02/2019മുതൽ 31/03/2019 വരെ |
| ടെക്നിക്കൽ അസിസ്റ്റന്റ് ഫിഷറീസ് | ശ്രീമതി.മിലി ഗോപിനാഥ് | 1/04/2018 മുതൽ 31/3/2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം (R&P പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു | 1-13 |
| 14 | കുടുംബശ്രീ- സി.ഡി.എസ് അക്കൗണ്ട് ക്രമപ്പെടുത്തണം | 1-14 |
| 15 | ഒരേ പ്രവൃത്തിയിനത്തിന് നിരക്കിലെ വ്യത്യാസം -അധികം നല്കിയ തുക തിരികെ ഈടാക്കണം | 1-15 |
| 16 | ഓഡിറ്റോറിയത്തിന്റെ വസ്തു നികുതി - കാലോചിതമായി പരിഷ്കരിച്ചില്ല | 1-16 |
| 17 | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ | 1-17 |
| 18 | ലൈഫ് പദ്ധതി | 1-18 |
| 19 | സാക്ഷരത തുടർ വിദ്യാഭ്യാസ പദ്ധതി - പഠിതാക്കളുടെ വിവരങ്ങൾ ലഭ്യമല്ല. | 1-19 |
| 20 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- | 1-20 |
| 21 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും | 1-21 |

| | | |
|---|---|---|
| | ലൈസൻസ് നൽകൽ- അപാകതകൾ | |
| 22 | രസീത് പരിശോധന - കണ്ടെത്തിയ അപാകതകൾ | 1-22 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 23 | ഒരേ പ്രവൃത്തിയിനത്തിന് നിരക്കിലെ വ്യത്യാസം -അധികം നല്കിയ തുക തിരികെ ഈടാക്കണം | 3-1 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 31 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2018-19) | അനുബന്ധം1 |
| 35 | ബാലൻസ് ഷീറ്റ് (2018-19) | |
| 36 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2018-19) | അനുബന്ധം2 |
| 37 | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ (2018-19) | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| | |

| | |
|---|---|
| 31.07.2019 | 17.05.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2018-19 | 14-06-2019 മുതൽ 15-06-2019 വരെ | കെ.എസ്.എ-ഇ.കെ.എം(പിജി) 1227(53)/19 തീയതി.21.08.2019 |

# 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് ആൻഡ് പെയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 56,29,372.00 |
| വരവ് | 11,50,49,531.00 |
| ആകെ | 12,06,78,903.00 |
| ചെലവ് | 10,63,46,614.00 |
| നീക്കിയിരിപ്പ് | 1,43,32,289.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16244841 | 16244841 | 14594852 | 1649989 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 5064000 | 5064000 | 4643666 | 420334 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 153000 | 153000 | 0 | 153000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7058000 | 7058000 | 6622854 | 435146 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3395000 | 3395000 | 2155388 | 1239612 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7539000 | 7539000 | 6051622 | 1487378 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16492284 | 16492284 | 16492284 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ്-SBI | 5942 | 207421 | 213363 | 160786 | 52577 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി..ഡി.എസ്- കേന്ദ്രവിഹിതം (*) | | 0 | 677275 | 677275 | 729625 | - 52350 |
| ശുചിത്വ മിഷൻ | | 1325374 | 875800 | 2201174 | 948000 | 1253174 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സാക്ഷരത-Bank A/c | | 7990 | 283 | 8273 | 0 | 8273 |
| കേരളോത്സവം - (*) | | 7636 | 0 | 7636 | 0 | 7636 |
| വിമുക്തി - ലഹരി വിരുദ്ധ പരിപാടി (*) | | 22500 | 50000 | 47500 | 0 | 72500 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് (*) | | 0 | 450000 | 450000 | 450000 | 0 |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് (*) | | 0 | 1200000 | 1200000 | 0 | 1200000 |

| | | | | | | |
|---|---|---|---|---|---|---|
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് - Other than Development Fund & state sponsored Program (*) | | 992310 | 0 | 992310 | 0 | 992310 |
| ടി.എസ്.സി- | | 348120 | 43750 | 391870 | 0 | 391870 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് -Other Government agencies (*) | | 200000 | 0 | 200000 | 0 | 200000 |
| ഗുണഭോക്തൃവിഹിതം (*) | | 109681 | 610912 | 720593 | 610422 | 110171 |
| SBI-LIFE | | 0 | 37486923 | 37486923 | 37480000 | 6923 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് (Revenue) | 421092 | 4532390 | 4953482 | 1708227 | 3245255 |
| | ബ്ലോക്ക് പഞ്ചായത്ത് (Capital)(*) | 14964 | 0 | 14964 | 0 | 14964 |
| | ജില്ലാ പഞ്ചായത്ത് (Revenue) | 527888 | 9253692 | 9781580 | 7917383 | 1864197 |
| ബി ഫണ്ട് | | 0 | 381220 | 381220 | 381220 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (*) | | 0 | 11586902 | 11586902 | 11586902 | 0 |
| | SBI-e Payment | 34286 | 86106 | 120392 | 674 | 119718 |
| | SCB-132 Own Fund | 7114900 | 8604694 | 15719594 | 11118931 | 4600663 |
| | UBI-Own Fund | 1035151 | 3455253 | 4490404 | 3890409 | 599995 |
| | ട്രഷറി അക്കൗണ്ട് STSB-Own fund | - 198354 | 15191658 | 14993304 | 11369858 | 3623446 |
| | STSB joint Venture | -2525000 | 17260062 | 14735062 | 9625610 | 5109452 |
| Cash | | 154457 | 211242 | 365699 | 154457 | 211242 |

കുറിപ്പ്

1. ഐ.സി.ഡി.എസ് കേന്ദ്രവിഹിതത്തിൽ ലഭ്യമായ ഫണ്ട് മുഴുവൻ ചെലവഴിച്ചതിന് ശേഷം 03/2019ൽ 52,350/- രൂപ മുൻകൂറായി തനത് ഫണ്ടിൽ നിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ റിക്വസിഷന്റെ അടിസ്ഥാനത്തിൽ നല്കിയിരുന്നു. ഈ തുക ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്. പിന്നീട് ഈ തുക 2019-20 ൽ തിരികെ തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ട്.

2. I-6 ഷെഡ്യൂൾ പ്രകാരം ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് 2,28,000/- രൂപ മാത്രമാണ് യഥാർത്ഥത്തിൽ ചെലവായിട്ടുള്ളത് . എന്നാൽ മുൻവർഷങ്ങളിൽ ODF പദ്ധതിക്കുവേണ്ടി തനത് ഫണ്ടിൽ നിന്ന് മുൻകൂർ ചെലവാക്കിയിരുന്ന 7,20,000/- രൂപ ഈ വ്രഷം ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് തിരികെ നല്കിയിട്ടുണ്ട്. ഇതുൾപ്പെടെയാണ് ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ 9,48,000/- രൂപ ചെലവ് കാണുന്നത്.

3. മുൻവർഷങ്ങളിൽ വിമുക്തി ലഹരി വിമുക്ത പരിപാടിക്കായി വന്ന 25,000/- രൂപ തെറ്റായ ഹെഡിൽ പോസ്റ്റ് ചെയ്തത് 2018-19 വർഷം വിമുക്തിയുടെ ഹെഡിലേക്ക് മാറ്റിയിട്ടുണ്ട്.

അതിനാലാണ് RP-7 പ്രകാരം വിമുക്തി പദ്ധതിവരവ് 25,000/- ആണെങ്കിലും, സ്റ്റേറ്റ് മെന്റ് പ്രകാരം 50,000/- രൂപ വരവ് കാണിച്ചിരിക്കുന്നത്.

4. മുൻവർഷം ജില്ലാ പഞ്ചായത്തിൽ നിന്ന് സംയുക്ത പ്രൊജക്ടിനായി ലഭിച്ച തുകയിൽ 20,013/- രൂപയുടെ ചെലവ് തെറ്റായി അക്കൗണ്ട് ചെയ്തിരുന്നത് 2018-19 വർഷം ജില്ലാ പഞ്ചായത്തിന്റെ Joint Venture (Revenue) അക്കൗണ്ട് ഹെഡിലേക്ക് ഡെബിറ്റ് ചെയ്തതിനാൽ 2018-19 ലെ യഥാർത്ഥ ചെലവായ 78,97,370/- രൂപയോടൊപ്പം 20,013/-രൂപ കൂടി ചേർത്ത് ആകെ ചെലവ് 79,17,383/- രൂപയായി ചേർക്കുന്നു.

5. ജോയിന്റ് വെഞ്ച്വർ ട്രഷറി എസ് .ബി അക്കൗണ്ടിൽ 31.03.2018-ൽ ബാലൻസ് തുക (-) 25,25,000/- രൂപ വരാൻ കാരണം 29/03/2018 ൽ സർക്കാർ ഈ അക്കൗണ്ടിൽ ഉണ്ടായിരുന്ന 33,72,072/- രൂപ തിരികെ പിടിച്ചു. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും വീണ്ടും LIFE ഭവനപദ്ധതിക്ക് വേണ്ടി 29/03/2018 ൽ 5,000/-രൂപയും,31/3/2018ൽ 25,20,000/- രൂപയും ഉൾപ്പെടെ 25,25,000/-രൂപ VEO യുടെ അക്കൗണ്ടിലേക്ക് ചെക്ക് നല്കി. അക്കൗണ്ടിൽ ബാലൻസ് ഇല്ലാതെ നല്കിയ തുകയായതുകൊണ്ടാണ് 01.04.2018ൽ (-) 25,25,000/- രൂപ മുന്നിരിപ്പായത്. പിന്നീട് സർക്കാർ 11/06/2018-ൽ 33,72,072/- രൂപയും Redemption തുകയായി ഇതേ അക്കൗണ്ടിലേക്ക് തിരികെ നല്കി. ഈ തുകയും, മുൻവർഷങ്ങളിൽ തെറ്റായ അക്കൗണ്ടിൽ വരവ് കാണിച്ചിരുന്ന 1,01,908/- രൂപയും കൂടി ചേർത്താണ് 2018-19 ൽ ജോയിന്റ് വെഞ്ച്വർ ട്രഷറി എസ് .ബി അക്കൗണ്ടിൽ ആകെ വരവായ 1,72,60,062/- രൂപ ( 33,72,072+ 1,01,908+ 1,37,86,082/- ) വരുന്നത്.

6. ജനറൽ പർപ്പസ് ഗ്രാന്റ് ട്രഷറിയിലെ STSB-(Own fund)എന്ന അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്.

7. വിവിധ കേന്ദ്രാവിഷ്കൃ- സംസ്ഥാനാവിഷ്കൃത ഫണ്ടുകളിൽ പ്രത്യേക അക്കൗണ്ടുകൾ ഇല്ലാത്തവ (*) , ഗുണഭോക്തൃവിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം (Capital) എന്നിവ പഞ്ചായത്ത് തനത് ഫണ്ടിന്റെ ബാങ്ക് -അക്കൗണ്ടിലും. സഹകരണബാങ്ക് അക്കൗണ്ടിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം ) | പദ്ധതി അടങ്കൽ | നടപ്പിലാക്കി യത് (എണ്ണം ) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കി യത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം ) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 152037700 | 138 | 85032823 | 40 | 5 | 75 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>,

1.പഞ്ചായത്തിന്റെ അധികാര വികേന്ദ്രീകരണം പിന്നിട്ട ഇരുപത് വർഷത്തെ ഡോക്യൂമെന്റേഷൻ.

2.അങ്കണവാടിക്ക് സ്ഥലം വാങ്ങൽ

3.ശ്രീകൃഷ്ണ ടെമ്പിൾ റോഡ് സൈഡ് പ്രോട്ടക്ഷൻ വാർഡ് 9

4.ജാഗ്രതാസമിതി പ്രവർത്തനങ്ങൾ.

5.എൽ ഇ ഡി ലൈറ്റ് മെയിന്റനൻസ്.

## 1-7 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5942 | 207421 | 213363 | 160786 | 52577 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16492284 | 16492284 | 16492284 | 0 |
| ആകെ | 5942 | 16699705 | 16705647 | 16653070 | 52577 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന കൂലിയിനത്തിൽ വരുന്ന തുകയും (1,64,92,284), ഭരണച്ചലവുകൾക്കായി NREGS ബാങ്ക് അക്കൗണ്ടിൽ നിന്ന് ചെലവാകുന്ന തുകയും (1,60,786) ഉൾപ്പെടുന്നതാണ് AFS ലെ ഇൻകം & എക്സ് പെൻഡിച്ചർ പത്രികിലെ I-6 ഷെഡ്യൂളിലെ 160 100 601 ഹെഡിലെ തുക (റവന്യൂ എക്സ്പെൻഡിച്ചർ-1,66,53,070).

ഇതിൽ ഭരണച്ചെലവുകളിൽ 2,266/- രൂപ മാത്രമേ NREGS ബാങ്ക് അക്കൗണ്ടിൽ നിന്ന് നേരിട്ട് ചെലവായിട്ടുള്ളൂ. ഈ തുകയാണ് റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ RP-16 ഷെഡ്യൂളിലെ Total Poverty Alleviation എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ കാണുന്നത്. ബാക്കി 1,58,520/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന് NREGS ഭരണച്ചലവുകൾക്കായി അഡ്വാൻസ് ആയി നല്കിയത് RP-47 Advances to others – എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് ഉൾപ്പെടുന്നത്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72,720 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 8,84,400 | 65 |
| വിധവാപെൻഷൻ | 1,71,44,500 | 1433 |
| വാർദ്ധക്യകാലപെൻഷൻ | 2,98,60,200 | 2909 |
| വികലാംഗപെൻഷൻ | 48,71,000 | 398 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്ക് പെൻഷൻ | 19,20,400 | 170 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,20,000 | 4 |

കുറിപ്പ് : സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വിവരം ഇൻകം & എക്സ് പെൻഡിച്ചർ പത്രിക ഷെഡ്യൂൾ I-6 പ്രകാരമുള്ളതാണ് . ഗുണഭോക്താക്കൾക്ക് നേരിട്ട് (Direct Benefit Transfer) കൊടുക്കുന്ന ആനുകൂല്യമായതിനാൽ റസീപ്റ്റ് & പേയ് മെന്റ് പത്രികയിലെ RP-19 ഷെഡ്യൂളിൽ തൊഴിൽരഹിത വേതനം, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം എന്നീ ഇനങ്ങളുടെ ചെലവ് മാത്രമേ കാണാനാവൂ.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.02.2020ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12577/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

<u>വർക്കിംഗ് ഗ്രൂപ്പ്</u>

ചേന്ദമംഗലം പഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ വിവരങ്ങൾ ഉൾപ്പെടുത്തിയ മിനിറ്റ്സ് ബുക്കുകൾ പ്രളയം മൂലം നഷ്ടമായിട്ടുള്ളതിനാൽ ആഗസ്റ്റ് 2018 ന് ശേഷമുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ് മാത്രമാണ് ഓഡിറ്റിന് ലഭ്യമായത്. ലഭ്യമായ മിനിറ്റ്സ് ബുക്കുകൾ വിവരങ്ങൾ രേഖപ്പെടുത്തി കൃത്യമായി പരിപാലിച്ചുപോരുന്നുണ്ട്.

<u>പദ്ധതികളുടെ നിർവ്വഹണം:</u>

പഞ്ചായത്തിലെ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരെല്ലാം തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

<u>ഫ്രണ്ട് ഓഫീസ്</u>

പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് പരിമിതമായ സൗകര്യങ്ങളോടു കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി, ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എന്നിവ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുപോരുന്നുണ്ട്.

<u>വൗച്ചറുകളുടെ പരിപാലനം:</u>

ഓഡിറ്റിന് ലഭ്യമാക്കിയ വൗച്ചറുകൾ കൃത്യമായിട്ടല്ല പരിപാലിച്ചിട്ടുള്ളത്. ഓരോ മാസത്തെയും വൗച്ചറുകൾ ക്രമപ്രകാരം വൗച്ചർ നമ്പർ അനുസരിച്ച് സൂക്ഷിക്കുന്നില്ല. ഓരോ ചെലവുമായി ബന്ധപ്പെട്ട സബ് വൗച്ചറുകൾ കൃത്യമായി ചേർത്ത് വച്ചിട്ടില്ല. വൗച്ചറുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

<u>ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ</u>

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പുതുതായി പെർമിറ്റിനുവേണ്ടി അപേക്ഷിച്ച അപേക്ഷകരുടെ വിവരങ്ങൾ മാത്രമാണ് നിലവിൽ ചേർത്തിരിക്കുന്നത്. പെർമിറ്റെടുക്കാതെ കെട്ടിടം പണി പൂർത്തിയാക്കുകയും, കെട്ടിട നമ്പർ ലഭിക്കാൻ വേണ്ടി അപേക്ഷ നല്കുമ്പോൾ അനുമതിയില്ലാതെ പണിത നിർമ്മിതി ക്രമവല്കരിക്കാനായി നിയമാനുസൃതഫീസ് ഒടുക്കി കെട്ടിടം ക്രമവല്കരിക്കുന്ന സംഗതികളിൽ ക്രമവല്കരണഫീസ് അടയ്ക്കുന്നതുൾപ്പെടെയുള്ള വിശദാംശങ്ങൾ കെട്ടിട നികുതി അസ്സസ്സ് മെന്റ് രജിസ്റ്ററിൽ മാത്രമേ നിലവിൽ രേഖപ്പെടുത്തുന്നുള്ളു. ക്രമവത്ക്കരണവിശദാംശങ്ങൾ 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്റ്റൂൾ 137(3) അനുബന്ധം -J പ്രകാരമുള്ള “ Register for Regularised Constructions” എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.02.2020 | 01.01.2020 to 31.01.2020 | 11.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.12. 2017 | 2012-13 to 2016-17 | 25.01.2018 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് വേളയിൽ വാർഷികധനകാര്യപ്പത്രികയിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 2018-19 വാർഷികധനകാര്യപ്പത്രികയുടെ ബാലൻസ് ഷീറ്റിന്റെ B-4 ഷെഡ്യൂളിൽ "ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് - Other than Development Fund" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 9,92,310/- രൂപ ബാദ്ധ്യതയും, B-18 ഷെഡ്യൂളിൽ "Advance to Community Development Society" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഇതേ തുക ആസ്തിയും കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കിയ ലെഡ്ജറിൽ 01.04.2018 ലെ ക്രെഡിറ്റ് ബാലൻസ് തുകയാണ് 9,92,310/- രൂപ എന്നും, മുൻവർഷങ്ങളിൽ നിന്ന് ആശ്രയ പുനരധിവാസ പദ്ധതിക്ക് വേണ്ടി ലഭ്യമായ തുകയാണിതെന്നുമാണ് മറുപടി നല്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് പഞ്ചായത്തിലെ സി.ഡി.എസ് -ന്റെ ആശ്രയ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചപ്പോൾ 26.03.2010ൽ പഞ്ചായത്തിൽ നിന്ന് സി.ഡി.എസ്. അക്കൗണ്ടിലേക്ക് നല്കിയ 10,24,050/- രൂപയും, ആശ്രയ ചലഞ്ച് ഫണ്ടിനത്തിൽ ജില്ലാ മിഷനിൽ നിന്ന് ലഭ്യമായ 15,00,000/- രൂപയും ഉൾപ്പെടെ 25,24,050/- രൂപ 2010-11 സാമ്പത്തികവർഷം ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്നതായി കാണുന്നു.

2010-11 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സാംഖ്യ വഴി ഡബിൾ എൻട്രി അക്രൂവൽ സിസ്റ്റത്തിലേക്ക് മാറ്റിയതിനെ തുടർന്ന് പഞ്ചായത്തിന്റെ അതുവരെയുള്ള ആസ്തി-ബാദ്ധ്യത കണക്കാക്കിയപ്പോൾ ഈ തുക OBRP-യിൽ ചേർത്ത് ബാലൻസ് ഷീറ്റിൽ ആസ്തിയായും, ബാദ്ധ്യതയായും ചേർത്തു. പിന്നീട് 2016-17 വരെ ആശ്രയ അക്കൗണ്ടിലെ വരവ്-ചെലവ് -നീക്കിയിരുപ്പിന് ആനുപാതികമായി പഞ്ചായത്തിലെ ബാലൻസ് ഷീറ്റും ക്രമപ്പെടുത്തിക്കൊണ്ടുവന്നു. 2017-18, 2018-19 വർഷങ്ങളിൽ ഈ ക്രമപ്പെടുത്തൽ നടത്താതിനാൽ 31.03.2018ലും, 31.03.2019ലും ബാലൻസ് ഷീറ്റിൽ ആസ്തിയായും,ബാദ്ധ്യതയായും 9,92,310/- രൂപ നിലനിന്നുപോന്നു.

ഗ്രാമപഞ്ചായത്തിന്റെ 2019-20വാർഷികധനകാര്യപ്പത്രിക തയ്യാറാക്കുമ്പോൾ സി.ഡി.എസ് അക്കൗണ്ട് സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കി ബാലൻസ് ഷീറ്റിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ട് ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

# 1-13 പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടു

2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ താഴെപ്പറയുന്ന രജിസ്റ്ററുകളും ചെലവ് രേഖകളും നഷ്ടപ്പെട്ടതായി ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥർ രേഖാമൂലം അറിയിച്ചു. അതിനാൽ ആയവ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

<u>നഷ്ടപ്പെട്ട രേഖകൾ</u>

(2018 ആഗസ്റ്റ് വരെയുള്ള രേഖകൾ നഷ്ടപ്പെട്ടുവെന്നാണ് അറിയിച്ചത്)

| | |
|---|---|
| 1 | അറ്റൻഡൻസ് രജിസ്റ്റർ |
| 2 | ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ |
| 3 | കാഷ്വൽ ലീവ് രജിസ്റ്റർ |
| 4 | മൂവ്മെന്റ് രജിസ്റ്റർ |
| 5 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ |
| 6 | ഫ്രണ്ട് ഓഫീസ് ഡയറി |
| 7 | ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ |
| 8 | ചെക്ക് ബുക്കുകൾ<br>(STSB-own Fund Account<br>UBI Pension Account<br>CSCB-own Fund Account<br>SBI MGNRGA Account<br>UBI സാക്ഷരത) |
| 9 | പാസ് ബുക്കുകൾ<br>(STSB own fund<br>UBI pension<br>CSCB own fund<br>SBI MGNREGA ജലനിധി) |
| 10 | വൗച്ചറുകൾ |
| 11 | ബിൽ രജിസ്റ്റർ |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ |
| 13 | അഡ്വാൻസ് രജിസ്റ്റർ |
| 14 | ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ |
| 15 | ചെക്ക് ഇഷ്യൂ രജിസ്റ്റർ |
| 16 | എല്ലാ **അക്കൗണ്ടു**കളുടെയും<br>റീകൺസീലിയേഷൻ സ്റ്റേറ്റ്മെൻറുകൾ |
| 17 | ക്യാഷ് ബുക്ക്,ബിൽ ബുക്കുകൾ |
| 18 | സാംഖ്യ കൌണ്ടർ ഫോയിലുകൾ |
| 19 | ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി,<br>ജനറൽ കമ്മിറ്റി മിനിറ്റ്സ് ബുക്കുകൾ |
| 20 | പൗരാവകാശ രേഖ, വികസന രേഖ സ്റ്റാറ്റസ് റിപ്പോർട്ടുകൾ |
| 21 | പെർമിറ്റ് രജിസ്റ്ററുകൾ |
| 22 | ലേലം സാമ്പത്തിക രജിസ്റ്ററുകളും ഫയലുകളും |
| 23 | സ്യൂട്ട് രജിസ്റ്റർ, കേസ് സംബന്ധമായ എല്ലാ ഫയലുകളും |
| 24 | സർവീസ് ബുക്കുകൾ |
| 25 | തൊഴിൽ നികുതി രജിസ്റ്ററുകളും ഫയലുകളും |
| 26 | വസ്തു നികുതി രജിസ്റ്ററുകളും ഫയലുകളും |
| 27 | ഡി ആൻറ് ഒ ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും |

| | |
|---|---|
| 28 | ലോഗ് ബുക്കുകൾ |
| 29 | വിവരാവകാശ രജിസ്റ്ററുകളും, അപേക്ഷകളും |
| 30 | ബഡ്സ് സ്കൂൾ സംബന്ധിച്ച എല്ലാ രേഖകളും |
| 41 | സ്റ്റോക്ക് രജിസ്റ്റർ |
| 42 | പദ്ധതി ഫയലുകൾ<br>(1) ISO സർട്ടിഫിക്കറ്റ് (പ്രോജക്ട് നമ്പർ 6/19)<br>(2)തെരുവ് വിളക്ക് മെയിന്റനൻസും അനുബന്ധ ഉപകരണങ്ങളും<br>വാങ്ങൽ (പ്രോജക്ട് നമ്പർ-136/19) |
| 43 | ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും |
| (ബി) | അസിസ്റ്റന്റ് സെക്രട്ടറി<br>(1) ക്യാഷ് ബുക്ക്<br>(2) പ്രോജക്ട് രജിസ്റ്റർ<br>(3)2018-19 ലൈഫ് ഭവന പദ്ധതി പ്രകാരം ചെലവ് ചെയ്ത വൗച്ചറുകൾ<br>(4)ലൈഫ് ഗുണഭോക്താക്കളുടെ കരാർ രേഖകൾ<br>(5)ആശ്രയ ഫയലുകൾ<br>(6)വിവാഹധനസഹായം (SC)-പ്രോജക്ട് നമ്പർ 12/19വിവാഹധനസഗായം<br>വൗച്ചർ നമ്പർ 10<br>വാട്ടർ കണക്ഷൻ (SC)-പ്രോജക്ട് നമ്പർ 12/19<br>വൌച്ചർ നമ്പർ-12 |
| 43(സി) | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും രജിസ്റ്ററുകളും |

# 1-14 കുടുംബശ്രീ- സി.ഡി.എസ് അക്കൗണ്ട് ക്രമപ്പെടുത്തണം

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 2018-19 വാർഷികധനകാര്യപ്പത്രികയുടെ ബാലൻസ് ഷീറ്റിന്റെ B-4 ഷെഡ്യൂളിൽ "ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻസ് - Other than Development Fund" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 9,92,310/- രൂപ ബാദ്ധ്യതയും, B-18 ഷെഡ്യൂളിൽ "Advance to Community Development Society" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഇതേ തുക ആസ്തിയും കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കിയ ലെഡ്ജറിൽ 01.04.2018 ലെ ക്രെഡിറ്റ് ബാലൻസ് തുകയാണ് 9,92,310/- രൂപ എന്നും, മുൻവർഷങ്ങളിൽ നിന്ന് ആശ്രയ പുനരധിവാസ പദ്ധതിക്ക് വേണ്ടി ലഭ്യമായ തുകയാണിതെന്നുമാണ് മറുപടി നല്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് പഞ്ചായത്തിലെ സി.ഡി.എസ് -ന്റെ ആശ്രയ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചപ്പോൾ 26.03.2010ൽ പഞ്ചായത്തിൽ നിന്ന് സി.ഡി.എസ്. അക്കൗണ്ടിലേക്ക് നല്കിയ 10,24,050/- രൂപയും, ആശ്രയ ചലഞ്ച് ഫണ്ടിനത്തിൽ ജില്ലാ മിഷനിൽ നിന്ന് ലഭ്യമായ 15,00,000/- രൂപയും ഉൾപ്പെടെ 25,24,050/- രൂപ 2010-11 സാമ്പത്തികവർഷം ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്നതായി കാണുന്നു.

2010-11 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് സാംഖ്യ വഴി ഡബിൾ എൻട്രി അക്രൂവൽ സിസ്റ്റത്തിലേക്ക് മാറ്റിയപ്പോൾ പഞ്ചായത്തിന്റെ അതുവരെയുള്ള ആസ്തി-ബാദ്ധ്യത കണക്കാക്കിയപ്പോൾ ഈ തുക OBRP-യിൽ ചേർത്ത് ബാലൻസ് ഷീറ്റിൽ ആസ്തിയായും, ബാദ്ധ്യതയായും ചേർത്തു. പിന്നീട് 2016-17 വരെ ആശ്രയ അക്കൗണ്ടിലെ വരവ്-ചെലവ് -നീക്കിയിരുപ്പിന് ആനുപാതികമായി പഞ്ചായത്തിലെ ബാലൻസ് ഷീറ്റിലും

ക്രമപ്പെടുത്തിക്കൊണ്ടുവന്നു. 2017-18, 2018-19 വർഷങ്ങളിൽ ഈ ക്രമപ്പെടുത്തൽ നടത്താത്തതിനാൽ 31.03.2018ലും, 31.03.2019 ലും ബാലൻസ് ഷീറ്റിൽ ആസ്തി-ബാദ്ധ്യതയായി 9,92,310/- രൂപ നിലനിന്നുപോന്നു.

ആശ്രയ പുനരധിവാസ പദ്ധതിയുടെ ആദ്യഘട്ടത്തിലും, രണ്ടാം ഘട്ടത്തിലുമായി ലഭ്യമായ ചലഞ്ച് ഫണ്ടിൽ നാളിതുവരെയുള്ള ചെലവ് കഴിച്ച് 31/03/2019-ൽ ആശ്രയ ബാങ്ക് അക്കൗണ്ടിൽ 5,02,034/- രൂപ നീക്കിയിരുപ്പുണ്ട് . ഈ നീക്കിയിരുപ്പിൽ 2010-11 കാലഘട്ടത്തിൽ ലഭിച്ച ചലഞ്ച് ഫണ്ടിൽ നിന്ന് 3,45,000/- രൂപ ചെലവഴിക്കാൻ ബാക്കിയുണ്ടെന്നും, ആയതിന്റെ പലിശ ഉൾപ്പെടെയുള്ള തുകയാണ് ഈ നീക്കിയിരുപ്പെന്നുമാണ് സി.ഡി.എസ് നല്കുന്ന വിശദീകരണം. എന്നാൽ പ്രളയം ബാധിച്ച ഗ്രാമപഞ്ചായത്തിൽ ഈ ഫണ്ടിന്റെ വരവ് -ചെലവ് രേഖകൾ ലഭ്യമല്ല.

മേൽ സാഹചര്യത്തിൽ ആശ്രയ ചലഞ്ച് ഫണ്ടിനത്തിൽ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന് മൊത്തം ലഭിച്ച തുക, നാളിതുവരെ അതിന്റെ ചെലവ് എന്നിവ കണക്കാക്കി ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ സി.ഡി.എസ് അക്കൗണ്ട് സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കി ബാലൻസ് ഷീറ്റിൽ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ട് ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-15 ഒരേ പ്രവൃത്തിയിനത്തിന് നിരക്കിലെ വ്യത്യാസം -അധികം നല്കിയ തുക തിരികെ ഈടാക്കണം

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ റോഡ് പ്രവൃത്തികളിലും, റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികളിലും എസ്റ്റിമേറ്റിൽ , Wearing Coat ആയി M20 ഗ്രേഡ് പി.സി.സി ചെയ്യുന്നതിന് നല്കിയിരിക്കുന്നത് രണ്ട് നിരക്കാണ്. റോഡ് പ്രവൃത്തികളിൽ നല്കിയിരിക്കുന്ന നിരക്ക് ക്യൂബിക്ക് മീറ്ററിന് 8015.21- ഉം, റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികളിൽ ക്യൂബിക്ക് മീറ്ററിന് 8379.54-ഉം ആണ് നല്കിയിരിക്കുന്നത്. സ്പെസിഫിക്കേഷനിലും, പ്രവൃത്തിയുടെ സ്വഭാവത്തിലും യാതൊരു വ്യത്യാസവുമില്ലാത്ത ഒരേ ഇനത്തിന് വ്യത്യസ്ത നിരക്ക് നല്കിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. നിരക്കിലെ വ്യത്യാസം മൂലം അധികം നല്കിയ തുക തിരികെ ഈടാക്കണം വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 ഓഡിറ്റോറിയത്തിന്റെ വസ്തു നികുതി -കാലോചിതമായി പരിഷ്കരിച്ചില്ല

പഞ്ചായത്തിലെ 6 ാം വാർഡിലുള്ള എൻ എസ് എസ് ഓഡിറ്റോറിയത്തിന് ( വിസ്തീർണം – 805 ച.മീറ്റർ, കെട്ടിട നം- 6/542 ) 2013 ലെ വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ചുള്ള വിജ്ഞാപന പ്രകാരം ച.മീറ്ററിന് 40/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും

പിന്നീട് കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി (മേൽത്തരം തറ, എയർകണ്ടീഷണിംഗ്) അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് ചട്ടമനുസരിച്ച് മേൽത്തരം തറനിർമിതിക്കും (പട്ടിക – 6 ) കേന്ദ്രീകൃത എ സി സൌകര്യത്തിനും (പട്ടിക – 8 ) അടിസ്ഥാന നികുതിയിൻമേൽ യഥാക്രമം 15%, 10% എന്ന നിരക്കിൽ വർദ്ധനവ് വരുത്തേണ്ടതാണ്. ടി സ്ഥാപന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ പരിശോധിച്ചതിൽ, 2017-18 വർഷം മുതലാണ് ഓഡിറ്റോറിയത്തിൽ മേൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയതെന്ന് കാണുന്നു. ആയത് ഫീൽഡ് പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതും ചട്ടപ്രകാരമുള്ള നടപടിക്കനുസൃതമായി നികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതുമാണ്. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം - 2/25.2.2020) മറുപടിയായി സഞ്ചയ സോഫ്റ്റ് വെയർ ലോക്ക് ആയിപ്പോയതിനാൽ മുൻകാല പ്രാബല്യത്തിൽ നികുതി നിർണയം നടത്തുവാൻ ശ്രമിച്ചിട്ട് കഴിയുന്നില്ലെന്നും മാറ്റം വരുത്തുന്നതിലേക്ക് ഐ കെ എം ന് റിക്വസ്റ്റ് നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഐ കെ എം ന്റെ സഹായത്തോടെ ടി സാങ്കേതിക തടസം ഒഴിവാക്കേണ്ടതും മേൽപ്പറഞ്ഞ ഘടനപരമായ മാറ്റങ്ങൾക്കനുസൃതമായി ടി കെട്ടിടത്തിന്റെ നികുതി പുനർനിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നറിയിക്കുന്നു.

# 1-17 പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ

| | |
|---|---|
| പ്രോജക്ട് നം | 25/19 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |
| അടങ്കൽ | 500000/- വികസന ഫണ്ട്<br>200000/- ബ്ലോക്ക് വിഹിതം |
| ചെലവ് | 437790/- വികസന ഫണ്ട്<br>200000/- ബ്ലോക്ക് വിഹിതം |
| ചെലവ് വിവരങ്ങൾ | 1)ബിൽനം-1/18-19തീയതി 22/6/18<br>തുക – 67320/- |
| | 2)ബിൽ നം - 2/18-19, തീയതി - 20/7/18 തുക – 33160/- |
| | 3)ബിൽ നം - 3/18-19, തീയതി - 12/9/18 തുക – 33160/- |
| | 4)ബിൽ നം - 4/18-19, തീയതി - 16/10/18 തുക – 69530/- |
| | 5)ബിൽ നം - 5/18-19, തീയതി - 17/11/18 തുക – 33740/- |
| | 6)ബിൽ നം - 6/18-19, തീയതി - 5/12/18 തുക – 34240/- |
| | 7)ബിൽ നം- 7/18-19, തീയതി - 5/1/19<br>തുക – 36140/- |
| | |

| | |
|---|---|
| | 8)ബിൽ നം - 8/18-19, തീയതി - 5/2/19<br>തുക – 34440/- |
| | 9)ബിൽ നം - 9/18-19, തീയതി - 13/2/19 തുക – 58920/- |
| | 10)ബിൽ നം- 11/18-19, തീയതി - 7/3/19 തുക – 37140/- |
| | 11) 200000/-<br>(Block share transferred to KMSCL through BIMS) |

